LIBRARY ARCHIVES Kerala Legislative Assembly

സാഫല്യം ഭവന പദ്ധതി

259 (599) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയുടെ നിർമ്മാണ പുരോഗതി എയ്യ ഘട്ടത്തിലാണെന്നും പസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചുവോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സാഫല്യം ഭവന നിർമ്മാണ പദ്ധതിയിൽ 48 കുടുംബങ്ങൾക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനുള്ള കെട്ടിടനിർമ്മാണത്തിന്റെ റൂഫ് സ്ലാബ് വാർക്കുകയും ഒന്നാം നിലയുടെ ചുമരുകളുടെ പണി പൂർത്തിയാക്കുകയും ചെയ്തു. രണ്ടാംനിലയുടെ ചുമരിന്റെ പണിയും വാട്ടർ ടാങ്കിന്റെ പണിയും നടന്നുവരുന്നു. ഈ പദ്ധതിയുടെ നിർമ്മാണം 31-12-2014-നുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പൂർത്തികരിച്ചിട്ടില്ല. പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഭൂ-ഭവനര ഹിതരും ദുർബലവിഭാഗക്കാരുമായ വ്യക്തികളുടെ ലിസ്റ്റിൽ നിന്നും ഇതുവരെ 40 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 8 ഗുണഭോക്താക്കളുടെ ലിസ്റ്റുകൂടി സമീപ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സമീപ പഞ്ചായത്തുകളിലെ അപേക്ഷകർക്ക് മുൻഗണന നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

ഭവന വായ്പ

260(600) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒരു ലക്ഷത്തിന് താഴെ വരുമാനമുള്ളവർക്ക് 4% പലിശയിൽ ഭവന വായ്പ നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയാണ് നൽകുന്നത് ; ഏത് മാർഗ്ഗത്തിലൂടെയാണ് തുക കണ്ടെത്തുന്നത് ; എത്ര പേർക്ക് ഈയിനത്തിൽ തുക അനുവദിച്ചിട്ടുണ്ട് ?